(പ്രതിപക്ഷ യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംസാരിക്കണമെങ്കിൽ നിങ്ങൾ ദയവായി സീറ്റിലേയ്ക്ക് പോകണം. പ്ലീസ്.....പ്ലീസ്..... നിങ്ങൾ സീറ്റിലേയ്ക്ക് പോകൂ.

(സ്പീക്കറുടെ ഡയസിന് മുന്നിൽ നിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ അഭ്യർത്ഥന പ്രകാരം അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങിപ്പോയി.)

മി. സ്പീക്കർ: നിങ്ങൾ ബഹളമുണ്ടാക്കേണ്ട. മൈക്ക് കൊടുക്കും. നിങ്ങൾ സീറ്റിലിരുന്നാൽ അദ്ദേഹത്തിന് മൈക്ക് കിട്ടും. .....( ബഹളം).... പ്ലീസ്....പ്ലീസ്... ബഹളം വയ്ക്കേണ്ട.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള ചരിത്രത്തിലുണ്ടാകാത്ത സംഭവമാണ് ഇവിടെയുണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി അതിനിശിതമായിട്ടാണ് ഗവൺമെന്റിനേയും ആരോഗ്യ വകുപ്പുമന്ത്രിയേയും വിമർശിച്ചിരിക്കുന്നത്. ഇത് ആരുടെ സർക്കാരാണെന്ന്

ചോദിച്ചത് ചീഫ് ജസ്റ്റിസ് ഓഫ് കേരളയാണ്. ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് ഫ്യൂഡൽ നിലയിലാണോ പ്രവർത്തിക്കുന്നതെന്ന് ചോദിച്ചത് ബഹുമാനപ്പെട്ട ഹൈക്കോടതിയാണ്. ഹൈക്കോടതി നിരന്തരമായി പരാമർശങ്ങൾ നടത്തിയാലും ജഡ്ജ്മെന്റിലൂടെ കുറ്റപ്പെടുത്തിയാലും ധാർമ്മികത ഉയർത്തിപ്പിടിച്ചുകൊണ്ട് അധികാരത്തിൽനിന്നും വിട്ടൊഴിയുക എന്നത് കേരള ചരിത്രത്തിലുണ്ടായ സംഭവമാണ്. .....(ബഹളം)..... ഇതൊന്നും വകവയ്ക്കാതെ അധികാരത്തിൽ കടിച്ചുതൂങ്ങുന്ന മന്ത്രിയുടെയും സർക്കാരിന്റെയും നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇന്നത്തെ സഭാ നടപടികൾ ബഹിഷ്കരിക്കുന്നു.

(തുടർന്ന് പ്രതിപക്ഷ യു.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ ബഹിഷ്കരിച്ച് പുറത്തുപോയി.)

(അടിയന്തരപ്രമേയം)